# INTERNATIONAL INDIAN SCHOOL DAMMAM
## ANNUAL EXAMINATION (2017-18)
## MIDDLE SECTION

Class – VIII | Duration- 3hours

Subject: Malayalam | Maximum Marks- 80

I ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. വ്യക്തിയും സമൂഹവുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, മനുഷ്യർ തമ്മിലുള്ള സുഖപ്രദവും സുദൃഢവുമായ സാമൂഹിക ബന്ധത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് പെരുമാറ്റമര്യാദ. പെരുമാറ്റത്തിൽ മര്യാദയുള്ള വ്യക്തി സമൂഹത്തിന്റെ അനുഗ്രഹമാണ്. ഗാന്ധിജി, എബ്രഹാം ലിങ്കൺ, ജോർജ് വാഷിങ്ടൺ, മദർ തെരേസ തുടങ്ങിയവരെ പോലുള്ള സമുന്നത വ്യക്തിത്വങ്ങൾ പെരുമാറ്റമര്യാദയുടെ കറകളഞ്ഞ ദൃഷ്ടാന്തങ്ങളാണ്. മാന്യമായി ഇടപെടുന്നവരെ മറ്റുള്ളവർ ഇഷ്ടപ്പെടുകയും അവരുടെ സാന്നിധ്യം സന്തോഷം നൽകുകയും ചെയ്യുന്നു. സൗന്ദര്യത്തെയും ധനത്തെയും ആരോഗ്യത്തെയുംകാൾ പ്രധാനമാണ് മാന്യമായ പെരുമാറ്റം.പൗരബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രകടമായ തെളിവാണ് നല്ല പെരുമാറ്റം. വീട്ടിൽ നിന്നാണ് നാം നല്ല പെരുമാറ്റരീതികൾ പഠിച്ചു തുടങ്ങേണ്ടത്.വീട്ടിൽ മാന്യമായി പെരുമാറുന്ന വ്യക്തി ഇതര മേഖലകളിലും മാന്യമായി പെരുമാറുമെന്ന കാര്യത്തിൽ സംശയമില്ല. മാതാപിതാക്കളെയും സഹോദരങ്ങളെയും ബഹുമാനിക്കുക, അവരോട് സ്നേഹത്തോടെ സംസാരിക്കുകയും പെരുമാറുകയും ചെയ്യുക,നല്ല രീതിയിൽ വസ്ത്രങ്ങൾ ധരിക്കുക, വീട്ടിൽ വരുന്ന അതിഥികളോട് സ്നേഹത്തോടെ ഇടപെടുക, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക,നമ്മുടെ കടമകൾ വേണ്ടവണ്ണം നിർവഹിക്കുക ഇതെല്ലാം നല്ല പെരുമാറ്റത്തിന്റെ പ്രാഥമിക ഘടകങ്ങളാണ്. മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അതുപോലെ അവരോട് പെരുമാറുക അതാണ് ഏറ്റവും മാന്യമായ പെരുമാറ്റച്ചട്ടം. മറ്റുള്ളവരെ വേദനിപ്പിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്ന വാക്കുകൾ നമ്മുടെ നാവിൽ നിന്നു വരാതിരിക്കാൻ വളരെ ശ്രദ്ധിക്കേണ്ടതാണ്. വിഷമിക്കുന്നവർക്ക് ആശ്വാസവും നിരാശർക്ക് പ്രത്യാശയും അലസത കൊണ്ട് ജീവിത പരാജയം നേരിട്ടവർക്ക് പ്രചോദനവും പകരാനാണ് ദൈവം നമുക്ക് സംസാരശക്തി നൽകിയിരിക്കുന്നതെന്ന സത്യം നാം തിരിച്ചറിയണം. നല്ലൊരു വാക്കു കൊണ്ട്, സ്നേഹമസൃണമായ ഒരു നോട്ടം കൊണ്ട്, വാത്സല്യപൂർണ്ണമായ ഒരു തലോടൽകൊണ്ട് മറ്റുള്ളവരുടെ ജീവിതം പ്രകാശപൂർണ്ണവും പ്രത്യാശാനിർഭരവുമായി തീരുമ്പോഴാണ് പെരുമാറ്റമര്യാദയുള്ള വ്യക്തി സമൂഹത്തിൽ വിലപ്പെട്ട രത്നമായി മാറുന്നത്. ചുരുക്കത്തിൽ നമ്മുടെ പെരുമാറ്റത്തിനനുസരിച്ച ഫലമാണ് സമൂഹത്തിൽ നിന്ന് നമുക്ക് ലഭിക്കുക.

1.നല്ല പെരുമാറ്റത്തിന്റെ പ്രാഥമിക ഘടകങ്ങൾ എന്തെല്ലാം? 2

2.എന്താണ് പെരുമാറ്റമര്യാദ ? 2

3.ദൈവം നമുക്ക് സംസാരശക്തി നൽകിയിരിക്കുന്നത് എന്തിനാണ് ? 2

4.പെരുമാറ്റ മര്യാദയുടെ കറകളഞ്ഞ ദൃഷ്ടാന്തങ്ങളായി പറഞ്ഞിരിക്കുന്നത് ആരെയെല്ലാമാണ് ? 2

5.പെരുമാറ്റമര്യാദയുള്ള വ്യക്തി സമൂഹത്തിൽ രത്നമായി മാറുന്നത് എപ്പോൾ ? 2

II ബ്രാക്കറ്റിൽ നിന്ന് ശരിയായ അക്ഷരം തെരഞ്ഞെടുത്ത് പദം പൂരിപ്പിക്കുക 5x1

(ദാ, ഘ, ധാ, ക്ക, ന്ഥ,, ഹി, ക,ന്ധ, ഖ, ഗി, ഗ,)

1.പ്ര....നമന്ത്രി 2.അ.....ത 3.സ്വനഗ്രാ......യന്ത്രം 4.ദീർ........ദർശി 5.മു....പ്രസംഗം

III അർത്ഥമെഴുതുക 5x1

1.സഹജം 2.നിരീക്ഷിക്കുക 3.അസ്പൃശ്യത 4.അന്തണൻ 5.വൈകല്യം

IV വിപരീതപദമെഴുതുക 5x1

1.സ്ത്രീ 2.സ്പന്ദനം 3.വിജയം 4.രഹസ്യം 5.അബദ്ധം

V പര്യായമെഴുതുക 5x1

1.പ്രഭാതം 2.കുട 3.കുഞ്ഞ് 4.വാർത്ത 5.കാല്

VI നാനാർത്ഥമെഴുതുക 3x1

1.വർഷം 2.ജനം 3.മാല

VII വിഗ്രഹിക്കുക 3x1

1.ആഴിമകൾ 2.ആശയവിനിമയം 3.ഭാഗ്യദേവത

VIII ചേർത്തെഴുതുക 4x1

1.മന+കണ്ണ് 2.കുട്ടി+ഇണക്കാൻ 3.തിരു+കൈ 4.വീർപ്പ്+അടക്കി

IX പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 4x1

1.നിന്നിറങ്ങിയ 2.പൂർത്തിയാക്കി 3.പരീക്ഷണങ്ങൾ 4.ചുരുക്കിപ്പറയാം

X വാക്യത്തിൽ പ്രയോഗിക്കുക(Any two) 2x1

1.ഉദ്ബോധിപ്പിക്കുക 2.രൂപപ്പെടുത്തുക 3.ദൈനംദിനം

XI പ്രയോഗം മാറ്റുക 1

1.കുമാരനാശാൻ വീണപൂവ് രചിച്ചു

XII തെറ്റ് തിരുത്തുക 1

1.കാറ്റടിച്ചതു കൊണ്ടാണ് മഴ പെയ്യാതിരുന്നതിനു കാരണം

XIII പദ്യം പൂരിപ്പിക്കുക 5

1. "ആഴിമകളുമൊരുമി......................പൊളിക്കുടയും"

XIV ഖണ്ഡിക തയ്യാറാക്കുക 5

1.ഗ്രന്ഥപാരായണം

**XV ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1.കുചേലവൃത്തം എന്ന കൃതി ഏതു വിഭാഗത്തിൽ പെടുന്നു ? 1

(വഞ്ചിപ്പാട്ട്, തിരുവാതിരപ്പാട്ട്, നാടൻപാട്ട്)

2.ചാൾസ് ഗ്രാണ്ടെമാൻെറ് ഏതു രാജ്യക്കാരനായിരുന്നു ? 1

(ജർമ്മനി, ഇറ്റലി, ഫ്രാൻസ് )

3.ഏതു വിഷയത്തിലാണ് ലാൽ ബഹദൂർ ശാസ്ത്രി ബിരുദം സമ്പാദിച്ചത് ? 1

(സാമ്പത്തിക ശാസ്ത്രം ,തത്വശാസ്ത്രം ,സാമൂഹ്യശാസ്ത്രം )

4.ദേവ്ജി ഭീമ്ജിയുടെ നേതൃത്വത്തിൽ ആരംഭിച്ച പത്രത്തിൻെറ പേരെന്ത് ? 1

(രാജ്യസമാചാരം, പശ്ചിമോദയം ,കേരളമിത്രം)

5.വെളിച്ചത്തിൻെറ പിതാവിന് അമേരിക്കൻ ജനത പ്രണാമമർപ്പിക്കുന്ന ദിനമേത് ? 1

(ഒക്ടോബർ 23 ,ഒക്ടോബർ 21 ,ഒക്ടോബർ 27)

**XVI ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1.എഡിസൻെറ ജനനം എന്ന്, എവിടെ ആയിരുന്നു ? 2

2.ലുഡോമിൽ ചിത്രം വരച്ചിരുന്നതെങ്ങനെ? 2

3.കേട്ടാൽ ആർക്കും അതിശയം തോന്നും ഏതു കാര്യം ? 2

**XVII രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

1.ശ്രീകൃഷ്ണൻെറ കണ്ണുകൾ നിറഞ്ഞതിനു കാരണമെന്ത് ? 3

2.സാമൂഹ്യ പുരോഗതിയിൽ പത്രങ്ങൾക്കുള്ള സ്ഥാനമെന്ത് ? 3

**XVIII മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (ANY ONE)** 5

1.സ്വദേശാഭിമാനി രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ടതെന്തിന് ?

OR

2.'ശാസ്ത്രി പ്രധാനമന്ത്രിയായിരുന്നപ്പോഴും ഒരു സത്രം പോലെയായിരുന്നു അദ്ദേഹത്തിൻെറ ഭവനം'.ഇങ്ങനെ പറയാൻ കാരണമെന്ത് ?